**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4402</u>** **<u>06-03-2023 - ൽ മറുപടിയ്ക്ക്</u>**

**<u>സംരംഭക വർഷം പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷത്തിൽ ആരംഭിച്ച സംരംഭങ്ങളുടെ പേരും വിലാസവും ഉൾപ്പെടുത്തിയ ലിസ്റ്റ് ജില്ലതിരിച്ച് ലഭ്യമാക്കുമോ? | (എ) | 2022-23 സംരംഭക വർഷമായി കേരളാ ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.<br><br>ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ, 2022 ഏപ്രിൽ 1 മുതൽ ഡിസംബർ 7 വരെയുള്ള 250 ദിവസത്തെ കാലയളവിൽ, രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 6274 കോടി രൂപയുടെ നിക്ഷേപവും 2,20,285 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.<br><br>ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും www.yearofenterprises.kerala.gov.in എന്നഓൺലൈൻ പോർട്ടൽ നിലവിലുണ്ട്<br><br>ഏപ്രിൽ 1, 2022 മുതൽ ഫെബ്രുവരി 27, 2023 വരെ സംസ്ഥാനത്ത് പുതുതായി 134433 സംരംഭങ്ങൾ തുടങ്ങുകയും അവയിലൂടെ 8024.89 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്ത് ഉണ്ടാവുകയും 288398 തൊഴിൽ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സംരംഭക വർഷത്തോട് അനുബന്ധിച്ച 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം |

| | | | |
|---|---|---|---|
| | | | സംരംഭങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ